(ബി) 1429 കുടുംബങ്ങൾക്കായി 2255.56 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. 7581 ഏക്കർ ഭൂമിയുടെ വിതരണത്തിന് തീരുമാനമായിട്ടുണ്ട്.

(സി) കൃഷിയോഗ്യമായ ഭൂമിയാണ് വിതരണം ചെയ്യുന്നത്.

(ഡി) വനഭൂമിയിൽ വനേതര പ്രവർത്തനങ്ങൾ നടത്തുന്നതിനെതിരെ 'നേച്ചർ ലവേഴ്സ് മൂവ്മെന്റ്' ഹൈക്കോടതിയെ സമീപിച്ചിട്ടുള്ളതായി അറിയുന്നു. കേസിന്റെ വിശദാംശങ്ങൾ വനം-വന്യജീവി സംരക്ഷണ വകുപ്പിൽനിന്നും ശേഖരിച്ചു നല്കുന്നതാണ്.

ആദിവാസികൾക്ക് ഭൂമി നല്കുന്നതിന് ഏറ്റെടുത്ത ഫാമുകൾ

109 (4717) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികവർഗ്ഗ സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികൾക്ക് ഭൂമി നല്കുന്നതിനായി സർക്കാർ ഏതെല്ലാം ഫാമുകളാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത് ; ഇതിൽ സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും ഉടമസ്ഥതയിലുള്ള എത്ര ഫാമുകളാണ് ഉള്ളത് ;

(ബി) പ്രസ്തുത ഫാമുകളിലായി എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുക്കുന്നത് ;

(സി) ഫാമുകളിൽ എത്ര സ്ഥിരം-താല്കാലിക തൊഴിലാളികളുണ്ട് എന്ന് സർക്കാർ കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര പേരാണ് ; ഇവരെ ആശ്രയിച്ച് എത്ര കുടുംബങ്ങൾ ഉണ്ട് എന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത ഫാമുകളിൽ ആദിവാസികൾക്കല്ലാതെ ഏതെങ്കിലും പ്രത്യേക സമുദായത്തിന് ഭൂമി നല്കണം എന്നാവശ്യപ്പെട്ട് സർക്കാരിന് ആരുടെയെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ ആരുടെയാണ് ; നിവേദനത്തിന്മേൽ സർക്കാർ എന്തെങ്കിലും തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ ;

(എഫ്) എങ്കിൽ എന്താണ് എന്ന് വ്യക്തമാക്കുമോ ;

(ജി) എത്രപേർക്ക് ഭൂമി നല്കുന്നതിനാണ് സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ളത് ;

(എച്ച്) പ്രസ്തുത ഫാമുകളിലെ ജീവനക്കാരെയും തൊഴിലാളികളെയും പുനരധിവസിപ്പിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഐ) എങ്കിൽ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ;

(ജെ) പ്രസ്തുത ഫാമുകളിലെ ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിച്ച് പകരം സർക്കാർ ജോലി നല്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്ലാന്റേഷൻ കോർപ്പറേഷന്റെ കീഴിൽ കണ്ണൂർ ജില്ലയിലുള്ള ആവക്കോട് എസ്റ്റേറ്റ്, കോഴിക്കോട് ജില്ലയിലുള്ള പേരാമ്പ്ര എസ്റ്റേറ്റ് എന്നിവ ഏറ്റെടുത്ത് വിതരണം ചെയ്യുവാൻ നടപടി ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിലുള്ള ആറളം ഫാം കേന്ദ്ര സർക്കാരിൽ നിന്നും വിട്ടുകിട്ടുകയാണെങ്കിൽ ഏറ്റെടുത്ത് പകുതിഭാഗം ഫാം ആയി നിലനിർത്താനും പകുതിഭാഗം ആദിവാസി കുടുംബങ്ങൾക്ക് വിതരണം ചെയ്യാനും ഉദ്ദേശിക്കുന്നുണ്ട്. ഏറ്റെടുത്ത 2 ഫാമുകളും സർക്കാരിന്റെ കീഴിലുള്ളവയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആലക്കോട് എസ്റ്റേറ്റിൽ 1020.11 ഏക്കറും പേരാമ്പ്ര എസ്റ്റേറ്റിൽ 463.57 ഏക്കറും ഭൂമിയാണ് ഏറ്റെടുക്കുന്നത്. ആറളം ഫാം 7612 ഏക്കർ ആണുള്ളത്. ഇതിന്റെ പകുതി ഭാഗമാണ് ആദിവാസികൾക്ക് വിതരണത്തിന് ഉദ്ദേശിക്കുന്നത്.

(സി) കണക്കാക്കിയിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ&എഫ്) ഉദിക്കുന്നില്ല.

(ജി) ആറളത്തെ എസ്റ്റേറ്റിൽ ഉദ്ദേശം 800 ആദിവാസി കുടുംബങ്ങളെയും പേരാമ്പ്ര എസ്റ്റേറ്റിൽ ഉദ്ദേശം 400 ആദിവാസി കുടുംബങ്ങളെയും പുനരധിവസിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(എച്ച്-ജെ) പുനരധിവാസ പദ്ധതി നടപ്പാക്കുന്നില്ല. അവർക്ക് വി.ആർ.എസ്. നല്കി പിരിച്ചയക്കുന്നതാണ്.

ഭവന നിർമ്മാണ പദ്ധതിക്ക് ധനസഹായം

110 (4718) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും വേണ്ടിയുള്ള ഭവന നിർമ്മാണ പദ്ധതിപ്രകാരം അവർക്ക് വീട് വച്ചുകൊടുക്കുകയാണോ അതോ വീട് വയ്ക്കുന്നതിനുള്ള തുക അവരെ ഏല്പിക്കുകയാണോ ചെയ്യുന്നത് ;

(ബി) ഈ വർഷം ഈ ഓരോ വിഭാഗത്തിനും എത്ര വീടുകളുണ്ടാക്കുവാനാണ് ഉദ്ദേശിച്ചിരുന്നത് എന്നറിയിക്കാമോ ;

(സി) അതിൽ ഇതുവരെ ഓരോ വിഭാഗത്തിനും എത്രപേർക്ക് വീട് വച്ചു നൽകുകയോ വീട് വയ്ക്കാനുള്ള പണം കൊടുക്കുകയോ ചെയ്തുവെന്ന് വെളിപ്പെടുത്താമോ ;

(ഡി) അവർക്ക് വീട് വയ്ക്കുന്നതിന് അനുവദിക്കുന്ന തുകയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ ; എങ്കിൽ എത്ര രൂപ വീതം എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി വകുപ്പിലും പട്ടികവർഗ്ഗ വകുപ്പിലും ഭവന നിർമ്മാണത്തിനുള്ള തുക ഗുണഭോക്താക്കളെതന്നെ ഏൽപ്പിക്കുകയാണ് ചെയ്യുന്നത്. എന്നാൽ സ്വന്തം നിലയിൽ വീടുകളുടെ നിർമ്മാണം ഏറ്റെടുത്ത് നടത്തുവാൻ കഴിവില്ലാത്തവർക്ക് സർക്കാർ ഏജൻസികൾ മുഖേന വീട് നിർമ്മിച്ച് നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly